## ഇട്ടി അച്യുതൻ വൈദ്യർ സ്മാരക ഉദ്യാനം:

# ഇക്കോടൂറിസത്തിൽ സർക്കാരിന്റെ ഇരട്ടത്താപ്പ്

**ലത്തീഫ് കിഴിശ്ശേരി**

ഇക്കോടൂറിസരംഗത്ത് കോടികൾ മുടക്കുന്നുവെന്നും ഇതാണ് കേരളത്തിന് ഏറ്റവും യോജിച്ച വ്യവസായങ്ങളിൽ ഒന്ന് എന്നും നിരന്തരം ഉരുവിടുന്ന വലത്- ഇടത് സർക്കാരുകൾ സ്വീകരിക്കുന്ന ഇരട്ടത്താപ്പിന്റെ ഉദാഹരണമാണ് ഇന്നും കടലാസിൽ ഒതുങ്ങിയിരിക്കുന്ന ഇട്ടി അച്യുതൻ വൈദ്യർ സ്മാരക മലബാർ ഉദ്യാനം. രൂക്ഷമാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്ന ഇക്കോടൂറിസം പദ്ധതികൾക്ക് കോടികൾ അനുവദിക്കുകയും പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകാത്തതും ചരിത്രപരമായും സാംസ്കാരികപരമായും ശാസ്ത്രവിജ്ഞാനപരമായും വളരെ പ്രാധാന്യമുള്ളതുമായ ഇട്ടി അച്യുതൻ സ്മാരക തോട്ടത്തിന് വളരെ ചെറിയ തുകയായ 4.10 ലക്ഷം രൂപ അനുവദിക്കാതിരിക്കുന്നതും വ്യക്തമാക്കുന്നത് ഈ ഇരട്ടത്താപ്പാണ്.

കോഴിക്കോട് ഒളവണ്ണയിലുള്ള, സസ്യസംരക്ഷണ-വിജ്ഞാന വ്യാപന രംഗത്ത് മാതൃകാപരമായ നേട്ടങ്ങൾ കൈവരിച്ച, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ സൊസൈറ്റി എന്ന സർക്കാർ സ്ഥാപനം 2000ത്തിന്റെ തുടക്കത്തിലാണ് ഇട്ടി അച്യുതൻ വൈദ്യർ മലബാർ തോട്ടം (ITTY ACHUTHAN VAIDYAR'S HORTUS MALABARICUS) ബൊട്ടാണിക്കൽ ഗാർഡനകത്ത് പ്രത്യേകം വേർതിരിച്ച് നിർമ്മിക്കാനുള്ള പദ്ധതി രേഖ ഒരു ഇക്കോടൂറിസം പദ്ധതിയാക്കി ടൂറിസം വകുപ്പിന് സമർപ്പിച്ചത്. പദ്ധതിയുടെ ലക്ഷ്യം ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുള്ള 691 മരുന്ന സസ്യങ്ങൾ ശേഖരിച്ച് ഒരു തോട്ടമായി വളർത്തി ഇവയെ ഭാവി തലമുറകൾക്ക് പഠനത്തിനും ഉപയോഗത്തിനുമായി സംവിധാനം ചെയ്യുക എന്നതാണ്.

1600കളിൽ കൊച്ചിയിൽ ഡച്ച് ഗവർണ്ണറായിരുന്ന എം.എച്ച്. വാൻ റീഡ് സംശോധന നടത്തി, ആംസ്റ്റർഡാമിൽ നിന്ന് പ്രസിദ്ധീകരിച്ച 12 വാല്യമുള്ള പുസ്തകമാണ് ഹോർത്തൂസ് മലബാറിക്കസ്. തെക്ക് കിഴക്കൻ ഏഷ്യയിലെ സസ്യസമ്പത്തിനെ കുറിച്ച് ആദ്യമായി അച്ചടിച്ച് പ്രസിദ്ധീകരിച്ച പുസ്തകം കൂടിയാണ് ഇത്. ഇട്ടി അച്യുതൻ എന്ന വൈദ്യനാണ് ഈ പുസ്തകത്തിൽ ചിത്രങ്ങൾ സഹിതം വിവരിച്ചിട്ടുള്ള ഔഷധസസ്യങ്ങളെ കുറിച്ചുള്ള വിജ്ഞാനങ്ങൾ നൽകിയത്.

രണ്ട് വർഷം കഴിഞ്ഞിട്ടും ഈ പദ്ധതി അംഗീകരിക്കാതിരിക്കുന്നത് എന്ത് കൊണ്ടാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടില്ല. മൊത്തം പദ്ധതിയുടെ ചിലവ് 4.10 ലക്ഷം രൂപയാണ്- ആദ്യ വർഷത്തിൽ 2.03 ലക്ഷം രൂപയും രണ്ടാം വർഷത്തിൽ 2.07 ലക്ഷം രൂപയും. തുടർന്നുള്ള കാര്യങ്ങൾ ബൊട്ടാണിക്കൽ ഗാർഡന്റെ പൊതുവായ ഭരണസംവിധാനത്തിന്റെ ഭാഗമായി നടക്കുമായിരുന്നു.

സ്വകാര്യ സ്ഥാപനങ്ങളുടേയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടേയും ഇക്കോടൂറിസം പദ്ധതികൾ അനുവദിക്കുന്നത് ശരവേഗത്തിലാണ്. ഈ രംഗത്തേക്ക് ചാടിവീഴുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് കോടികളുടെ സബ്സിഡികളും സർക്കാർ അനുവദിക്കുന്നുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകൾ അനുവദിച്ച ഇത്തരം പദ്ധതികളിൽ മിക്കതും പരിസ്ഥിതി നാശം ഉറപ്പാക്കുന്നവയാണ്. ഏകദേശം 40 ഏക്കർ സ്ഥലത്ത് വ്യാപിച്ച് കിടക്കുന്ന ബൊട്ടാണിക്കൽ ഗാർഡനിൽ ഇന്ന് ദിനംപ്രതി ധാരാളം സന്ദർശകരും വിദ്യാർത്ഥികളും ഗവേഷകരും എത്തുന്നുണ്ട്. സസ്യവിജ്ഞാനവ്യാപനത്തിനുള്ള വിശദീകരണ കേന്ദ്രവും ഗവേഷണകേന്ദ്രവും പ്രവർത്തനരഹിതമാണ്. അപൂർവ്വ സസ്യങ്ങൾ പലതും ഇന്ന് ഗാർഡനിൽ തഴച്ച് വളരുന്നുണ്ട്.

ഗൗരവവും ഉപകാരപ്രദവുമായ കാര്യങ്ങളിൽ സർക്കാർ കാണിക്കുന്ന അനങ്ങാപ്പാറ നയത്തിന്റെ മറ്റൊരു ബലിയാടായിരിക്കുകയാണ് ഇട്ടി അച്യുതൻ സ്മാരക തോട്ടം. ജനകീയ പങ്കാളിത്തത്തോടെയും സ്വകാര്യ പങ്കാളിത്തത്തോടെയും പദ്ധതി നടപ്പിലാക്കാൻ കഴിയുമെങ്കിൽ അതും ശ്രമിക്കാമെന്ന നിലപാടിലാണ് മലബാർ ബൊട്ടാണിക്കൽ ഗാർഡന്റെ മേധാവി ഡോ. അൻസാരി.